**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - അയ്യങ്കാളി ജയന്തി 2024 - സംഘടിപ്പിക്കുന്നതിനും ആവശ്യമായ ചെലവുകൾക്കായി തുക വിനിയോഗിക്കുന്നതിനും അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ(സാധാ)നം.717/2024/പജപവവിവ    തിരുവനന്തപുരം, തീയതി.24/08/2024

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 09/08/2024 ലെ SCDD/4270/2024-B3(Dev B) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പ് എല്ലാ വർഷവും സാമൂഹ്യ പരിഷ്കർത്താവായിരുന്ന ശ്രീ അയ്യങ്കാളിയുടെ ജന്മദിനം പുഷ്പാർച്ചനയുൾപ്പെടെ വിപുലമായ പരിപാടികളോടെ ആചരിച്ച് വരുന്നെന്നും, അദ്ദേഹത്തിന്റെ 161-ാം ജന്മദിനമായ 2024 ആഗസ്റ്റ് 28 ന് വെള്ളയമ്പലത്തുള്ള അയ്യൻ കാളി പ്രതിമയിൽ പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും അനബന്ധപ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിനുള്ള അനുമതിയും, ഇതിലേക്ക് പ്ലാറ്റ്ഫോം നിർമിയ്ക്കുന്നതിന് പി.ഡബ്ല്യ.ഡി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 2,40,000/ രൂപയും അയ്യൻകാളി പ്രതിമ ഭംഗിയായി അലങ്കരിയ്ക്കുന്നതിനും, പരിപാടിയിലേയ്ക്ക് ചായ, ലഘു ഭക്ഷണം എന്നിവ വിതരണം ചെയ്യുന്നതിനും പരസ്യ പ്രചരണ പ്രവർത്തനങ്ങൾക്കുമായി 1,15,000/- രൂപയും ചേർത്ത് ആകെ 3,55,000/- ( മൂന്ന് ലക്ഷത്തി അൻപത്തി അയ്യായിരം രൂപ മാത്രം) 2225-01-001-94 (P) Modernization & E-governance എന്ന ശീർഷകത്തി ൽനിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സാമൂഹ്യ പരിഷ്കർത്താവായിരുന്ന ശ്രീ.അയ്യൻകാളിയുടെ ജയന്തി സംസ്ഥാനത്ത് സമുചിതമായി നടത്തേണ്ടത് അനിവാര്യമായതിനാൽ അദ്ദേഹത്തിന്റെ 161-ാം ജന്മദിനമായ 2024 ആഗസ്റ്റ് 28 ന് വെള്ളയമ്പലത്തുള്ള അയ്യൻകാളി പ്രതിമയിൽ പുഷ്പാർച്ചനയും അനുസ്മരണസമ്മേളനവും അനുബന്ധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിനും ആയതിലേക്കുള്ള ചെലവുകൾക്കായി ആകെ 3,55,000/- ( മൂന്ന് ലക്ഷത്തി അൻപത്തി അയ്യായിരം രൂപ മാത്രം) 2225-01-001-94 (P) Modernization & E-governance" എന്ന ശീർഷകത്തിൽനിന്നും അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
സൂര്യ എസ് ഗോപിനാഥ് കെ.എ.എസ്സ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

സി.പി.ഒ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

ജില്ലാ പട്ടികജാതി വികസന ഓഫിസർ, തിരുവനന്തപുരം.

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (റഫഃ നം.WW3/196/2022-Fin)

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ് (റഫഃ നം.A2/150/2024-PLGEA)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. വകുപ്പ് മന്ത്രിയുടെ പി.എസിന്